# ഹെബ്രാ 8:1 – 16
# മത്താ 12:1 – 13 (12:1 – 21)

നവംബർ 09 : പള്ളിക്കൂദാശ രണ്ടാം ഞായർ

## ഭാഷ്യം

## ഹെബ്രാ 8:1 – 16

### I. സന്ദർഭം

യഹൂദമതത്തിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് കടന്നുവന്നവർക്ക് വേണ്ടി എഴുതപ്പെട്ടതാണ് ഹെബ്രായർക്കുള്ള ലേഖനം. പരീക്ഷണങ്ങൾക്കും പീഡനങ്ങൾക്കും മധ്യേ പുതിയ വിശ്വാസം ഉപേക്ഷിച്ചു പോകാനുള്ള സാധ്യതയാണ് അവർക്കു മുമ്പിലുണ്ടായിരുന്നത്. യേശു ക്രിസ്തുവിലൂടെ മനുഷ്യർക്കു കൈവന്ന ദൈവകൃപ പഴയനിയമത്തേക്കാൾ എത്ര ഉന്നതവും മഹത്തരവുമാണെന്ന് വിശദമാക്കുകയാണ് ഇന്നത്തെ ലേഖനത്തിൽ അതിന്റെ കർത്താവു ചെയ്യുന്നത്. പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായ യേശുക്രിസ്തു മോശയേക്കാളും എല്ലാ പുരോഹിതന്മാരേക്കാളും ഉന്നതനാണ്.

### II. പ്രമേയം

1. സ്വർഗ്ഗത്തിലെ മഹിമയുടെ സിംഹാസനം എന്നത് ദൈവത്തിന്റെ സിംഹാസനം തന്നെയാണ് (വെളി 4:1–6). സ്വർഗത്തിലേക്ക് ആരോഹണം ചെയ്യുന്ന കർത്താവ് തന്റെ മനുഷ്യസ്വഭാവത്തിൽ മനുഷ്യകുലത്തിനു വേണ്ടിയുള്ള ശുശ്രൂഷ സ്വർഗ്ഗത്തിലും തുടർന്നു (ഹെബ്രാ 8:1). ഈ ശുശ്രൂഷയെ മഹാപുരോഹിതനടുത്ത ശുശ്രൂഷയെന്നാണ് ഹെബ്രായ ലേഖനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത് (ഹെബ്രാ 8:2).

2. യഹൂദ പുരോഹിതന്മാരും മഹാപുരോഹിതനും ശുശ്രൂഷിച്ചിരുന്നത് സ്വർഗ്ഗീയ വസ്തുക്കളുടെ സാദൃശ്യത്തെയും നിഴലിനെയുമാണ്. എന്നാൽ യേശു ക്രിസ്തുവാകട്ടെ മനുഷ്യനിർമ്മിതമല്ലാത്ത കർത്താവിനാൽ സ്ഥാപിതവുമായ സത്യകൂടാരത്തിന്റെ ശുശ്രൂഷകനാണ്.

3. ലേവിയുടെ ഗോത്രത്തിൽപ്പെട്ട പുരോഹിതരുടെ ശുശ്രൂഷയ്ക്ക് മനുഷ്യന്റെ മനഃസാക്ഷിയെ എന്നേയ്ക്കുമായി വിശുദ്ധീകരിക്കാൻ ശക്തിയില്ലായിരു

ന്നു. എന്നാൽ യേശു നൽകുന്ന രക്ഷയുടെ അനുഭവം മനുഷ്യനെ പൂർണ്ണനാക്കുന്നു.

## III. സന്ദേശം

1. മഹാപുരോഹിതനടുത്ത യേശുവിന്റെ പ്രവൃത്തികളെക്കുറിച്ച് ദൈവശാസ്ത്ര ചർച്ചകളിൽ ഏറെയൊന്നും പുരോഗതിയുണ്ടായിട്ടില്ല. ഏറിയ പങ്കും ഹെബ്രായലേഖനത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണ് ഈ പ്രമേയം (ഹെബ്രാ 7-9). വളരെ അപൂർവ്വമായി മാത്രം ഇതര ലേഖനങ്ങളിലും ഇതേക്കുറിച്ചുള്ള സൂചനയുണ്ട് (1 യോഹ 2:1-3) യേശുവിന്റെ ദൈവത്ത്വത്തെക്കുറിച്ചുള്ള അവബോധം അവിടുന്ന് ഇന്നും മനുഷ്യകുലത്തിനുവേണ്ടി പിതാവിന്റെ പക്കൽ മദ്ധ്യസ്ഥം വഹിക്കുന്ന കാര്യം വിസ്മൃതിയിലാക്കിയിരിക്കുന്നു. ദൈവമായ ക്രിസ്തു പ്രാർത്ഥിക്കുകയോ എന്നുള്ള സംശയമാണ് ഇതിനു കാരണം.

2. മനുഷ്യാവതാരത്തിനുശേഷം ദൈവപുത്രൻ പിതാവിന്റെ പക്കലുള്ള നമ്മുടെ മധ്യസ്ഥനാണ്. നമ്മുടെ ബലഹീനതകൾ അറിയുന്ന, നമ്മുടേതുപോലുള്ള അനുഭവങ്ങളിലൂടെ കടന്നുപോയിട്ടുള്ള വ്യക്തിയാണ് യേശുക്രിസ്തു (ഹെബ്രാ 5:1-4). അതിനാൽ നമ്മുടെ ബലഹീനതകളിൽ നമ്മോടു സഹതപിക്കാൻ കഴിവുള്ളവനാണ് അവിടുന്ന് (ഹെബ്രാ 5:12) നമ്മെ തന്റെ ശരീരത്തിന്റെ അവയവങ്ങളായി അവിടുന്ന് സ്വീകരിച്ചിരിക്കുന്നു. അവിടുന്നാണ് ശരീരത്തിന്റെ ശിരസ് (1 കോറി 12:4-26). സഭയെ ഒരു സൗധമായി കണക്കാക്കാമെങ്കിൽ മൂലക്കല്ല് ക്രിസ്തുവാണ് (1 കോറി 3:11). നാം ഓരോരുത്തരും ദൈവത്തിന്റെ കൃപയാൽ ഈ ഭവനത്തിന്റെ ഭാഗമായി ചേർക്കപ്പെട്ടിരിക്കുന്നു.

3. കർത്താവുമായുള്ള ഐക്യവും ബന്ധവും സൂചിപ്പിക്കുന്ന പ്രതീകമാണ്, യേശു ക്രിസ്തു നമ്മുടെ പ്രധാന പുരോഹിതൻ ആണ് എന്ന ആശയം. മഹാപുരോഹിതൻ പാപപരിഹാര ദിനത്തിൽ ജനത്തിന്റെ പാപപരിഹാരത്തിനായ് ദൈവത്തിന് ബലിയർപ്പിച്ചിരുന്നു (ലേവ്യ 16:15-19). ദൈവവുമായുള്ള അനുരഞ്ജനമാണ് ബലിയർപ്പണംകൊണ്ട് ലക്ഷ്യമാക്കുന്നത്. യേശുവിന്റെ കുരിശിലെ ബലിയർപ്പണം വഴി അത് സാധിതമായിരിക്കുന്നു. അവിടുന്ന് ഇന്നും നമുക്കുവേണ്ടി നിലകൊള്ളുന്നു.

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

# മത്താ 12:1-13(12:1-21)

## I. സന്ദർഭം

ദൈവപുത്രനും ക്രിസ്തുവുമായ യേശു (1:1-4:11) പഠിപ്പിക്കുന്നത് ദൈവപുത്രനാകാനുള്ള മാർഗ്ഗവും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാനുള്ള വഴിയുമാണ് (4:12-11:1). തത്ഫലമായി രണ്ടുതരം പ്രതികരണങ്ങൾ ഉണ്ടാകുന്നു- സ്വീകരണവും തിരസ്ക്കരണവും. ഇതിൽ ആദ്യത്തേത് നിഷേധാത്മകമായ

പ്രതികരണമാണ് (11:2-13:52). ഫരിസേയർ യേശുവിനോടു നിഷേധാത്മകമായി പ്രതികരിക്കുന്ന രണ്ട് സംഭവങ്ങളാണ് ഇന്നത്തെ വചനഭാഗം.

## II. പ്രമേയം

സാബത്ത് ദിവസം ഗോതമ്പുകതിരുകൾ പറിച്ച് സാബത്ത് ലംഘിക്കുന്ന ശിഷ്യരെ യേശു ന്യായീകരിക്കുന്നു (12:1-18). പിന്നീട് കൈശോഷിച്ചവനെ യേശു സാബത്തിൽ സുഖപ്പെടുത്തുന്നു(12:9-14). സാബത്ത് പാലിക്കുക യാണോ ഏറ്റവും പ്രധാനപ്പെട്ട കാര്യം? അതോ മനുഷ്യന് നന്മ ചെയ്യുക യാണോ? ഇതാണ് ഇവിടുത്തെ പ്രമേയം.

## III. സന്ദേശം

1. ശിഷ്യന്മാരുടെ നിയമം ലംഘനം കണ്ടു പിടിക്കുന്നത് ഫരിസേയരാണ്. നിന്റെ ചുറ്റും അനേകം നിയമലംഘനങ്ങൾ അനുദിനം നടക്കുന്നുവെന്ന താണ് സത്യം. അതൊക്കെ നിന്റെ കണ്ണിൽ വന്നു പെട്ടുവെന്നുമിരിക്കും. അവയൊക്കെ തിരുത്തി നേരെയാക്കാനാവും നിന്റെ സ്വഭാവിക പ്രവണത. ശിഷ്യന്മാരുടെ നിയമലംഘനം ചൂണ്ടിക്കാട്ടുന്ന ഫരിസേയരുടെ മുമ്പിൽ യേശു ശിഷ്യരെ ന്യായീകരിക്കുകയാണ് ചെയ്യുന്നത്. എല്ലാവർക്കും അവരവരുടെ പ്രവൃത്തികൾക്ക് ഓരോരോ ന്യായങ്ങളുണ്ടെന്നതാണ് സത്യം. മറ്റുള്ളവരുടെ തെറ്റും കുറ്റവും ശ്രദ്ധയിൽ പെടുമ്പോൾ അതിന് അവർക്കുള്ള ന്യായങ്ങൾ മനസ്സിലാക്കുകയാണ് നീ ചെയ്യേണ്ടത്. അതറിയുമ്പോൾ മാത്രമേ നിനക്ക വരെ അംഗീകരിക്കാനും സ്നേഹിക്കാനും കഴിയുള്ളൂ.

2. സാബത്തിൽ നന്മചെയ്യുന്നത് അനുവദനീയമാണെന്നാണ് യേശു വചനം (12:12). മനുഷ്യർക്ക് നന്മചെയ്യാൻ മൂഹൂർത്തവും സമയവും നോക്കേണ്ട കാര്യ മില്ല എന്നർത്ഥം. മഹൂർത്തം നോക്കിക്കൊണ്ടിരുന്നാൽ കുഴിയിൽ വീണ ആട് (12:11) ചത്ത് പോയെന്നിരിക്കും. അപകടത്തിൽ പെട്ട സമറിയാക്കാരൻ മരിച്ചു പോയെന്നിരിക്കും. അതിനാൽ നന്മചെയ്യുന്നതിന് നീ ഒന്നാം സ്ഥാനം കൊടു ക്കണം. നിന്റെ മുമ്പിൽ വന്നുപ്പെടുന്ന അവസരങ്ങളൊക്കെ അതിനായി ഉപ യോഗിക്കണം. ചട്ടവും വകുപ്പും നോക്കാതെ നന്മ ചെയ്യുന്നിടത്താണ് നീ ക്രിസ്തു ശിഷ്യനായിമാറുന്നത്.

3. ചട്ടം ലംഘിച്ച് നന്മചെയ്യുന്ന യേശുവിനെ ഫരിസേയർ കൊല്ലാൻ നോക്കുന്നു (12:14). അത് വളരെ സ്വാഭാവികമാണ്. നിയമപാലകർ നിയമം ലംഘിക്കുന്നവരെ മര്യാദപഠിപ്പിക്കാൻ ശ്രമിക്കും. നന്മ ചെയ്യുമ്പോൾ നിനക്കും എതിർപ്പുകൾ നേരിടേണ്ടി വരും. അതിൽ അതിശയിക്കുകയും മനസ്സുരുകു കയും ചെയ്യരുത്. കൊല്ലാൻ ശ്രമിക്കുന്നവരെ നേരിട്ടഭിമുഖീകരിക്കാതെ യേശു അവിടെ നിന്ന് പിൻവാങ്ങുന്നു (12:15). ഇത് നിനക്കും മാതൃകയാക്കാവുന്ന താണ്. എതിർക്കുന്നവരോട് നേരിട്ടൊരു സംഘർഷത്തിന് പോകാതെ തന്ത്ര പൂർവ്വം പിൻവാങ്ങുക, തുടർന്നും നന്മ ചെയ്തുകൊണ്ടേയിരിക്കുക.

**ഡോ. ജേക്കബ് നാലുപറയിൽ**

# പ്രസംഗം: സാബത്തിന്റെ ചൈതന്യം

ജറുസലേം ദേവാലയം ശുദ്ധീകരിക്കുന്ന അവസരത്തിൽ ക്രിസ്തു വിളിച്ചു പറയുന്നുണ്ട്, "എന്റെ ഭവനം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും. നിങ്ങളോ അത് കള്ളന്മാരുടെ സങ്കേതമാക്കുന്നു" (മത്ത 21:13).

ഇവിടെ രണ്ടു സംഗതികൾ തമ്മിലുള്ള വൈരുദ്ധ്യം ശ്രദ്ധേയമാണ്. ഒന്ന് പ്രാർത്ഥനാലയം; മറ്റൊന്ന് ഒളിസങ്കേതം. പരസ്പര വിരുദ്ധമായ രണ്ടു കാര്യങ്ങളാണ്. ആയിരിക്കേണ്ടതും ആയിരിക്കുന്നതുമായ കാര്യങ്ങൾ തമ്മിലുള്ള ഭയങ്കര വൈരുദ്ധ്യമാണ്.

പ്രാർത്ഥന ദൈവവും മനുഷ്യനുമായി നല്ല ബന്ധം സ്ഥാപിക്കുകയും നിലനിർത്തുകയും ആ ഊഷ്മള ബന്ധത്തിൽ വളരുകയും ചെയ്യാനുള്ള മാധ്യമമാണ്. അതിന്റെ വേദിയാണ് ദേവാലയം. അത് നിഷ്ക്രിയത്വത്തിന്റെ ഇടമല്ല ക്രിയാത്മകതയുടെ രംഗവേദിയാണ്. ദൈവത്തിന്റെ സാന്നിധ്യവും പ്രചോദനവും കൃപയും പ്രാപിക്കാനുള്ള ഇടമാണ്.

ഒളിസങ്കേതമാകട്ടെ, പദം സൂചിപ്പിക്കുന്നതുപോലെ (hide out) മറയ്ക്കാനും ഒളിക്കാനും 'മുങ്ങാ'നും ഉള്ള ഇടമാണ്, ഒളിച്ചോട്ടക്കാരുടെ അഭയസ്ഥാനമാണ്. ഇവ എത്രയും വ്യത്യസ്തമായ രണ്ട് ഇടങ്ങളാണ്. ഇന്നത്തെ സുവിശേഷ സന്ദേശത്തെ പ്രകാശിപ്പിക്കാൻ ഈ പശ്ചാത്തലം സഹായിക്കും. ഇവിടെ ചില നിയമങ്ങൾ (ദേവാലയ നിയമം, സാബത്ത് നിയമം) ഒളിസങ്കേതമാക്കി നന്മ ചെയ്യാനും ചെയ്യിക്കാനും സമ്മതിക്കാതെ നിൽക്കുന്ന ഫരിസേയർ ഒരു വശത്ത്. നിയമങ്ങളുടെ യഥാർത്ഥ ചൈതന്യം എന്താണെന്ന് പഠിപ്പിക്കാൻ ശ്രമിക്കുന്ന ക്രിസ്തു മറുവശത്ത്. വേലിയാണോ വിളവാണോ പ്രധാനം എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. നിയമങ്ങൾ വേലിയുടെ സ്ഥാനത്താണ്. അവ നല്ലതാണ്; വിളവ് സംരക്ഷിക്കാൻ അവ ആവശ്യവുമാണ്. വിളവ് ചൈതന്യമാണെങ്കിൽ നിയമം ചട്ടക്കൂടാണ്. ചൈതന്യത്തെ അപകടത്തിലാക്കിക്കൊണ്ട് ചട്ടക്കൂടിനെ സംരക്ഷിക്കേണ്ടതില്ല. അതാണ് ക്രിസ്തു പറയുന്നതും പഠിപ്പിക്കാൻ ശ്രമിക്കുന്നതും.

നിയമത്തെ ഒളിസങ്കേതമാക്കി, അതിന്റെ മറവിൽ നിഷ്ക്രിയരാകാനും സ്വധർമ്മം അനുഷ്ഠിക്കാത്ത 'അധർമ്മി'കളാകാനുമുള്ള പ്രവണത എല്ലാ സാമൂഹിക വ്യവസ്ഥിതികളിലും മതത്തിലും ഒളിഞ്ഞിരിക്കുന്നുണ്ട്. സ്വന്തം കുടുംബത്തിലെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാതെ മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും കൂടാരങ്ങളിൽ കയറിക്കൂടാൻ ശ്രമിക്കുന്നവരുണ്ട്. അവർക്ക് മതവും ഇതരസ്ഥാപനങ്ങളും വ്യവസ്ഥിതിയും വെറും ഒളിസങ്കേതങ്ങൾ മാത്രമാണ്. ഭക്തിയുടെയും മാന്യതയുടെയും ബാഹ്യപരിവേഷമുള്ള ഒളിത്താവളങ്ങൾ. അവിടെ നിന്നും അത്തരക്കാരെ അടിച്ചോ പുകച്ചോ പഠിപ്പിച്ചോ (ബോധവൽക്കരിച്ച്) പുറത്തു ചാടിക്കേണ്ടതുണ്ട്. ദേവാലയ വിശുദ്ധീകരണത്തിന്റെ

അവസരത്തിൽ പ്രവൃത്തിയിലൂടെ അതു ചെയ്ത യേശു ഇവിടെ പ്രബോധനത്തിലൂടെ അതു നിർവഹിക്കുകയാണ്.

നിയമത്തിൽ കുടുങ്ങിപ്പോകുമ്പോൾ അതിന്റെ ചൈതന്യം നഷ്ടപ്പെട്ടേക്കാം. ദേവാലയത്തിന്റെ ബാഹ്യ മോടിയിൽ മയങ്ങിപ്പോകുന്നവൻ ദൈവത്തെ മറന്നു പോയേക്കാം. സാബത്തിന് അമിത പ്രധാന്യം നല്കുന്നവൻ സാബത്തിന്റെ നാഥനെ വിസ്മരിച്ചേക്കാം. അതിനെതിരെയുള്ള ക്രിസ്തുവിന്റെ ഇടപെടലും മുന്നറിയിപ്പുമാണ് ജറുസലേം ദേവാലയത്തിലും ഇന്നത്തെ സുവിശേഷത്തിലെ സിനഗോഗിലും നാം കാണുന്നത്. ഈ കാഴ്ചപ്പാടിന്റെ സാക്ഷാത്ക്കാരം സക്കേവൂസിന്റെ സംഭവത്തിൽ വായിച്ചെടുക്കാം. സിക്കമൂർ മരത്തിൽ കയറിയുള്ള അദ്ദേഹത്തിന്റെ ഇരിപ്പ് കാര്യങ്ങളിൽ ഇടപെടാതെ ദൂരെ കാഴ്ച കണ്ടിരിക്കാനുള്ള പ്രവണതയാണ് കാണിക്കുക. ഇവിടെ മരം ഒരുതരം ഒളിസങ്കേതമാണ്. അവിടെ നിന്നും അയാളെ ഇറക്കിക്കൊണ്ടു വരികയാണ് ക്രിസ്തു. സ്വന്തം കുടുംബത്തിൽ വന്ന് (വീട്ടുകാരോടൊപ്പം) സൽപ്രവർത്തികൾ ചെയ്യാൻ അയാളെ പ്രേരിപ്പിക്കുകയാണ്. പങ്കുവയ്ക്കുക, ചെയ്ത അന്യായത്തിനു പരിഹാരം ചെയ്യുക, ദാനം ചെയ്യുക - ഇതൊക്കെയാണ് അയാൾ ചെയ്ത സൽപ്രവർത്തികൾ. "സാബത്തിൽ നന്മ ചെയ്യുക അനുവദനീയമാണ്" (മത്താ 12:12).

ഇതാണ് വ്യത്യാസം: മരമുകളിൽ കാഴ്ചക്കാരനായി ഇരിക്കുന്ന സക്കേവൂസ് മതത്തിന്റെ ചട്ടക്കൂടിനെ പ്രതിനിധീകരിക്കുന്നു. സ്വഭവനത്തിൽ വന്ന് പങ്കുവയ്ക്കൽ പ്രഖ്യാപിക്കുന്ന മനസ്സുമാറിയവൻ മതത്തിന്റെ ചൈതന്യത്തെ കാണിക്കുന്നു. അവിടെ 'രക്ഷ' സ്വീകരിക്കപ്പെടുന്നു. സാബത്തിൽ നിന്ന് സാബത്തിന്റെ ചൈതന്യത്തിലേക്ക് പ്രവേശിക്കാൻ സാബത്തിന്റെയും നാഥൻ നമ്മെ ക്ഷണിക്കുകയാണ്.

**ഫാ. ജെ. ആക്കനത്ത്**